# Mathrubhumi

# 23 August 2018

# Kakkanad, Relief Camps

## 596 ക്യാമ്പുകൾ ജില്ലാ ഭരണകൂടം ഏറ്റെടുത്തു

**കാക്കനാട്** ► ജില്ലയിൽ വിവിധ സ്ഥലങ്ങളിലായി തുറന്ന ദുരിതാശ്വാസ ക്യാമ്പുകളുടെ സമ്പൂർണ നിയന്ത്രണം ജില്ലാ ഭരണകൂടം ഏറ്റെടുത്തു. താലൂക്ക് തലത്തിൽ തഹസിൽദാർമാർക്കും വില്ലേജ്തലത്തിൽ വില്ലേജ് ഓഫീസർമാർക്കുമാണ് ക്യാമ്പുകളുടെ ചുമതല. ഓരോ ക്യാമ്പിനും ചാർജ് ഓഫീസറെയും നിശ്ചയിച്ചിട്ടുണ്ട്.

പ്രളയം ഗുരുതരമായി ബാധിച്ച ആലുവ, പറവൂർ താലൂക്കുകളിൽ ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള രണ്ട് ഉദ്യോഗസ്ഥർ വീതം തഹസിൽദാർമാർക്കൊപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. അഞ്ചു വീതം ഡെപ്യൂട്ടി തഹസിൽദാർമാർക്കാണ് ക്യാമ്പുകളുടെ മേൽനോട്ടച്ചുമതല. വില്ലേജ് ഓഫീസർമാർക്ക് കീഴിൽ ഓരോ ക്യാമ്പിനും ചാർജ് ഓഫീസറെയും നിയമിച്ചതായി ജില്ലാ കളക്ടർ മുഹമ്മദ് വൈ. സഫീറുള്ള അറിയിച്ചു.

പറവൂരിൽ ഫോർട്ടുകൊച്ചി ആർ.ഡി.ഒ എസ്. ഷാജഹാൻ, ഡെപ്യൂട്ടി കളക്ടർ സുരേഷ്കുമാർ എന്നിവരാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നയിക്കുക. ആലുവയിൽ അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് എം.കെ. കബീറിനും ഡെപ്യൂട്ടി കളക്ടർ ചന്ദ്രശേഖരൻ നായർക്കുമാണ് ചുമതല.

ജില്ലയിൽ നിലവിൽ 596 ക്യാമ്പുകളിലായി 3,46,988 പേരാണുള്ളത്. 395 ക്യാമ്പുകൾ അടച്ചു. 1,40,248 പേർ ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങി. ഏറ്റവും കൂടുതൽ ക്യാമ്പുകൾ പറവൂരിലാണ് -223. ആലുവ -136, കണയന്നൂർ -156, കുന്നത്തുനാട് -29, മൂവാറ്റുപുഴ -27, കോതമംഗലം -05, കൊച്ചി -20 എന്നിങ്ങനെയാണ് വിവിധ താലൂക്കുകളിൽ നിലവിലുള്ള താലൂക്കുകളുടെ എണ്ണം.

ദുരിതാശ്വാസത്തിനായി സമാഹരിച്ച സാധനസാമഗ്രികൾ ക്യാമ്പുകളിലെത്തിക്കുന്നതിനായി മൂന്ന് സംഭരണ-വിതരണ കേന്ദ്രങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. കാക്കനാട് തൃക്കാക്കര നഗരസഭാ കമ്യൂണിറ്റി ഹാൾ, ആലുവ താലൂക്ക് ഓഫീസ്, പറവൂർ താലൂക്ക് ഓഫീസ് എന്നിവയാണ് ഈ കേന്ദ്രങ്ങൾ.

കടവന്ത്ര റീജണൽ സ്പോർട്സ് സെൻററിലെ കേന്ദ്രീകൃത ശേഖരണ കേന്ദ്രം ആറ് പ്രളയബാധിത ജില്ലകളുടെയും റീജിയണൽ റിലീഫ് സെൻററായി പ്രവർത്തിക്കും. ജില്ലകൾക്കുള്ള സാധനസാമഗ്രികൾ ഇവിടെ നിന്ന് കയറ്റി അയയ്ക്കും.

പ്രളയജലം കയറിയിറങ്ങിയ മേഖലകളിൽ തീവ്രശുചീകരണ യത്നത്തിനും തുടക്കമായി. പൊലീസും സൈന്യവും സന്നദ്ധസംഘടനകളും ഇതിനായി രംഗത്തിറങ്ങിയിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിലാണ് ശുചീകരണം. ശുചീകരണത്തിൽ പാലിക്കേണ്ട മുൻകരുതലുകൾ രേഖപ്പെടുത്തിയ ലഘുലേഖകളും ആരോഗ്യവകുപ്പ് വിതരണം ചെയ്യുന്നുണ്ട്.

### പ്രചരിക്കുന്നത് വ്യാജ അപേക്ഷാഫോം

പ്രളയബാധിതർക്ക് സർക്കാരിന്റെ ആനുകൂല്യങ്ങൾ കിട്ടുന്നതിന് ക്യാമ്പ് വാസമോ രജിസ്ട്രേഷനോ ആവശ്യമില്ലെന്ന് ജില്ലാ കളക്ടർ ആവർത്തിച്ചു വ്യക്തമാക്കി.

നാശനഷ്ടങ്ങൾ റവന്യൂ അധികൃതർ സ്ഥലത്തെത്തി വിലയിരുത്തിയ ശേഷം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുക. ഓരോ വീടും റവന്യൂ അധികൃതർ എൻജിനീയർമാർക്കൊപ്പം സന്ദർശിച്ചാണ് നാശനഷ്ടങ്ങളുടെ മൂല്യനിർണയം നടത്തുക.

വാസയോഗ്യമായ വീടുകൾ ഉള്ളവർക്ക് അവിടേക്ക് മടങ്ങിപ്പോകാവുന്നതാണ്. വീടുകൾ വാസയോഗ്യമാകുന്നതു വരെ ക്യാമ്പുകളിൽ താമസ സൗകര്യം നൽകും. സർക്കാർ ആനുകൂല്യത്തിന് അപേക്ഷ നൽകാനെന്ന പേരിൽ പ്രചരിപ്പിക്കുന്ന ഫോറം വ്യാജമാണെന്നും കളക്ടർ വ്യക്തമാക്കി. പ്രളയദുരന്തത്തിന്റെ അടിസ്ഥാനത്തിലുള്ള ഫോറം സർക്കാർ പുറത്തിറക്കിയിട്ടില്ല.